**Mr. K. T. Mathew.**—Sir, I am not very particular of making this Bill a permanent piece of legislation. It is left to the Select Committee to decide whether it is to be a temporary measure or not. The present purpose of introducing this measure is only to meet the present conditions resulting from unprecedented economic depression. I do not press it as a permanent legislation.

**Mr. George Chakyamuri.**—Sir, I also support this bill. I am in perfect agreement with the Hon'ble Member for Ernakulam as well as with the leader of the House in regard to the legal objections that have been raised by them. It is brizling in defects, and I think it could not be worked in this country

മിസ്റ്റർ കെ. എം. ഇബ്രാഹിം.—സാർ, ഈ ബില്ലിനു് വോട്ടു രേഖപ്പെടുത്തുന്നതിനുവേണ്ടി ഞാൻ പ്രസംഗിക്കുന്നില്ലെന്നതന്നെ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. അധ്യക്ഷതവഹിച്ചിരുന്ന ആക്ഷേപങ്ങളെ സംബന്ധിച്ചു് അന്വേഷണക്കമ്മിറ്റി, അതുപോലെ സത്യഗ്രഹമദ്ധ്യന്വേഷണക്കമ്മിറ്റി എന്നിവകളിൽ ഈ കൌൺസിലിലുണ്ടായ അനുഭവം ഞങ്ങളിൽ ചിലർക്കു പ്രസംഗിച്ചു് വോട്ടുസമ്പാദിയ്ക്കുന്ന കാര്യത്തിൽ കുറേക്കൂടി ആശാരാഹിത്യം ഉണ്ടാക്കീട്ടുണ്ടെന്നു വസ്തുത ഈ അവസരത്തിൽ ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

മിസ്റ്റർ ജോജ്ജ് ചാക്യാമുറി.—പിന്നെ എന്തിനാണ് പ്രസംഗിക്കുന്നതു്?

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അവിടെ ഇരിക്കു, പറഞ്ഞുതരാം.

എന്റെ മാന്യസ്നേഹിതൻ പ്രസംഗിക്കുന്നതെന്തിനെന്നു ചോദിച്ചുകൊണ്ടു പുറത്തക്കു ചാടിക്കളകയാണെല്ലൊ ചെയ്തതു്. അവശ്യം പറയാം. ഈ കൌൺസിലിന്റെ അപ്പുറത്തും ഇപ്പുറത്തും സന്ദർശകന്മാരുണ്ടു്. ഇവിടെ നടക്കുന്ന സംഗതികളെപറ്റി അറിയുന്ന പൊതുജനങ്ങളും ഈ രാജ്യത്തുണ്ടു്. എന്റെ മുമ്പു പ്രസംഗിച്ച ഒരു മാന്യസ്നേഹിതൻ പറഞ്ഞതുപോലെ ഇവിടത്തെ പ്രസംഗങ്ങളും ഒരു പ്രചരണമാകുമെന്നു ഞാൻ വിചാരിക്കുന്നു. ഇതുവരെയുള്ള ഇവിടത്തെ അനുഭവംകൊണ്ടു് ബില്ലിൽ കണ്ടമാതിരിയൊന്നും ഇവിടെ നടക്കുന്നതല്ലെന്നു ഞാൻ പൊതുഉണകാംക്ഷിയായ ബില്ലിന്റെ അവതാരകനോടു പറഞ്ഞുകൊള്ളട്ടെ.

ജനക്ഷേമത്തെ എതിർക്കുന്നതിനു ചിലർക്കു ഒരു മടിയും കാണാത്തതിനുള്ള ഒരു പ്രധാനകാരണം നിയമസഭയുടെ കാലാവധി നീട്ടിയതാണു്. ഈ നിർഭാഗ്യത്തിന്റെയും ഉത്തരവാദിത്വമെന്റെതാണു്. പൊതുവിൽ ജനങ്ങൾക്കു പ്രയോജനമുള്ള ഒരു ബില്ലാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ചില വ്യക്തികൾക്കും ന്യൂനപക്ഷക്കാരായ പണക്കൊഴുപ്പുടയക്കാർക്കും അതു രുചിക്കയില്ലായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാം. ഒരു വലിയ ഭൂരിപക്ഷത്തിനുവേണ്ടി ഒരു ന്യൂനപക്ഷം ചില താൽക്കാലിക അനുഭവങ്ങളെ തീരുവെന്നു ഞാൻ സഖാക്കന്മാരെ വീണ്ടും ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇത്തരത്തിൽ ഉള്ള സംഗതികൾക്കു സഖാക്കന്മാർ എതിരഭിപ്രായം പറയുന്നതു് ഒരു മാമൂലായിട്ടുണ്ടു്. ഇപ്രകാരം ഗതാനുഗതികമായി എതിർക്കുവാനുള്ള സഖാക്കന്മാരുടെ സന്നദ്ധത വളരെ കാലമായി കണ്ടുവരുന്നുണ്ടു്. എതിർക്കുവാൻ വേണ്ടി മാത്രം എതിർക്കുന്ന രോഗത്തിനു മരുന്നില്ല. എങ്കിലും അനുഭാവസ്ഥന്മാർ അവരുടെ പൂർവ്വതലാബോധത്തോടുകൂടി എന്തെങ്കിലും ഈ വിഷയത്തിൽ പ്രവൃത്തിക്കേണ്ടതാണെന്നു് ഞാൻ വളരെ ബഹുമാനത്തോടുകൂടി അവരെ ധരിപ്പിച്ചുകൊള്ളുന്നു.

മദ്ധ്യസംസ്ഥാനത്തും ഐക്യസംസ്ഥാനത്തും ഡക്കാണിലും വളരെ കാലത്തിനുമുമ്പായിട്ടു ഉണ്ടായിട്ടുള്ള ലജിസ്ലേഷനെക്കുറിച്ചു് അവതാരകൻ സുലളിതമായ ഭാഷയിൽ ഇവിടെ പറയുകയുണ്ടായി. അതിനെ വീണ്ടും എടുത്തു പറയുവാൻ ഞാൻ വിചാരിയ്ക്കുന്നില്ല. ഭവനഗരിൽ ചെയ്ത രക്ഷകളെ അനുകരിക്കണമെന്നു് ഒരു പ്രമേയം നമ്മുടെ അനുഭാവസ്ഥന്മാർ ഏകകണ്ഠമായി യോജിച്ചു പാസ്സാക്കിയിട്ടു കാലം വളരെ ആയെല്ലോ. നാട്ടുകാരുടെ കടത്തെ സംബന്ധിച്ചു് ഒരു മദ്ധ്യസ്ഥത വഹിച്ചു് ബഹുഭൂരിപക്ഷം കടക്കാരെ രക്ഷിക്കുന്ന ഏർപ്പാടു് ഒരു നാട്ടുരാജ്യത്തു ചെയ്യുമ്പോൾ അതുപോലെയുള്ള ഒരു നാട്ടുരാജ്യമായ ഇവിടേയും ആ വിധത്തിലുള്ള ഏർപ്പാടുകൾ നടപ്പിലാക്കേണ്ടതു് അത്യാവശ്യമാണെന്നു പ്രത്യേകം മനസ്സിലാക്കേണ്ടതാണു്. ഇന്നാട്ടിലെ പൌരന്മാർ കുറെ ബുദ്ധിമുട്ടനുഭവിച്ചെങ്കിലും ചില കർഷകരക്ഷകൾ സഖാക്കന്മാരെക്കൊണ്ടു ചെയ്യിപ്പിച്ചതു നിങ്ങൾ നല്ലവണ്ണം ഓർക്കണം. ആ സന്നദ്ധത ഇനിയും ഉണ്ടാകുമെന്നു നിങ്ങൾക്കു ബോദ്ധ്യപ്പെടണം. അത്തരം വിഷമങ്ങൾ നിങ്ങൾക്കു ഇനിയും ഉണ്ടാകുമെന്നു നിങ്ങൾക്കു നിർബ്ബന്ധമില്ലെങ്കിൽ യഥാർത്ഥമായ പൊതുജനാഭിപ്രായം അറിഞ്ഞു പ്രവൃത്തിക്കണം. പരിമിതമായ ആവശ്യങ്ങൾ സാധിക്കണമെന്നാണു് ഞങ്ങൾ സഖാക്കന്മാരോടാവശ്യപ്പെടുന്നതു്. ഇതു് അപ്രായോഗികമാണെന്നു് ഒരുകാലം വിശ്വസിച്ചിരുന്നവരുണ്ടായിരുന്നു നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷിന്ത്യയിലുംകൂടി. ഇപ്പോൾ നടപ്പിലാക്കിയിരിയ്ക്കുന്നതുകൊണ്ടു് അതുപോലുള്ള നിസ്സാര അനുകൂല്യങ്ങൾ ഇവിടേയും ചെയ്യുവാൻ വേണ്ടി ഒന്നു കണ്ണുതുറന്നു നോക്കണമെന്നും, ഇമ്മാതിരിയുള്ള ദുർന്നാമങ്ങൾ വിട്ടകളയണമെന്നും ഞാൻ സഖാക്കന്മാരോടാവശ്യപ്പെട്ടുകൊള്ളുന്നു.

ടി വിഷയത്തിൽ ഒരു കമ്മിറ്റി സ്ഥാപിക്കുന്നുണ്ടെന്നു പറയുന്നു. എന്നാൽ ഞങ്ങൾക്കു് കമ്മിറ്റിയിൽ വിശ്വാസമില്ല. ഈ മാതിരി സംഗതികൾക്കു് കമ്മിറ്റിയെ ഏല്പിച്ചാൽ ശരിയായി നടക്കുകയില്ലെന്നു് ഫ്രാഞ്ചൈസ് കമ്മിറ്റിയുടെ അനുഭവം ഞ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കു ബോദ്ധ്യപ്പെടുത്തി തന്നിട്ടുണ്ട്. ഈ നാട്ടിലെ പൊതു ജനാഭിപ്രായത്തിനു നേരെ വിപരീതമായിട്ടാണ് ഫ്റാഞ്ചൈസ് കമ്മിറ്റിയുടെ സ്തുതിർക്കം ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടു് ജനഹിതത്തെ എതിർക്കുന്ന ഭൂരിപക്ഷമുള്ള കമ്മിറ്റിമുഖാന്തിരം ജനങ്ങൾക്കും ഗുണംചെയ്യുവാൻ വിചാരിയ്ക്കുന്നതു ശരിയല്ലെന്നു് ഞാൻ മുകുകണ്ഠം ശവമ്മെന്റിനെ അറിയിച്ചുകൊള്ളുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ബിൽ അപ്പുറത്തുനിന്നും വരേണ്ടതായിരുന്നു. ജനാധിപത്യസ്ഥമെമ്പറന്മാർ കൊണ്ടുവരുന്നതിനു മുമ്പുതന്നെ ശവമ്മെന്റു കൊണ്ടുവരേണ്ട ഒരു ബില്ലാണിതു്. വേണ്ടസമയത്തു് അതു ചെയ്യാതെ ശവമ്മെന്റു നാട്ടിൽ പ്രക്ഷോഭണങ്ങളുണ്ടാക്കി. ശവമ്മെന്റു് ഇതുവരേയും ഒന്നും ചെയ്യാതിരിക്കുന്നതുകണ്ടിട്ടു് ഒരു ജനാധിപത്യസ്ഥമെമ്പർ ഇങ്ങിനെ ഒരു ബില്ലു കൊണ്ടുവരുമ്പോൾ ധൈര്യവും ദൂരഭിമാനവും പിടിച്ചു് അതിനെ എതിർക്കുവാൻ തുടങ്ങുന്നതിൽ ഞങ്ങൾക്കു വളരെ മനസ്ഥാപമുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ.

മിസ്റ്റർ ശങ്കരനാരായണനാൻ ഇതിനെസംബന്ധിച്ചു് ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മുഖവുരയിൽ തന്നെ കടം കൊടുക്കുന്നവരുടെ ഒരു പ്രതിനിധിയെന്ന നിലയ്ക്കു് അവയ്ക്കു കിട്ടേണ്ട ഗുണത്തെ പറ്റിയാണു പ്രസ്താവിച്ചതു്. എന്നാൽ ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ആളുകളും കടംകൊണ്ടു വലയുന്നവരാണ്. മറുള്ളവർ ഒരു ന്യൂനപക്ഷം മാത്രമേയുള്ളു. ന്യൂനപക്ഷക്കാർക്കു കിട്ടേണ്ട അതിലാഭത്തെപറ്റിയാണ് അദ്ദേഹം സംസാരിച്ചതു്. ഭൂരിപക്ഷത്തിനുവേണ്ടി ഞങ്ങളും വാദിയ്ക്കുന്നു. ഈ ബിൽ ഭൂരിപക്ഷം ആളുകളുടെ ക്ഷേമത്തെ സംബന്ധിക്കുന്നൊന്നായതുകൊണ്ടു് ന്യൂനപക്ഷക്കാരുടെ കാര്യം ഇതിൽ ശ്രദ്ധിക്കേണ്ടതില്ലെന്നുമാത്രമേ എനിയ്ക്കു പറയുവാനുള്ളു.

പിന്നെ ഈ ബില്ലിൽ നിയമസംബന്ധമായ ചില തടസ്ഥങ്ങളുണ്ടെന്നു പറയുകയുണ്ടായി. അതു വേണമെങ്കിൽ ബിൽ നടപ്പിൽ വരുത്തുന്നതിനുമുമ്പായി മാറ്റാവുന്നതേയുള്ളു. ബില്ലിന്റെ പ്രമാണതത്വം ശരിയല്ലേ എന്നാണു നോക്കേണ്ടതു്. അവിടേയും ഇവിടേയും വേണ്ട പരിഷ്കാരങ്ങളും ഭേദഗതികളും വരുത്തുവാനാണല്ലോ ഒരു സിലക്ടു കമ്മിറ്റിയുടെ ആവശ്യം നിസ്സാരകാരണങ്ങൾ പറഞ്ഞു ബില്ലിനെ എതിർക്കുവാൻ പുറപ്പെടുന്നതിൽ മനസ്ഥാപപ്പെടുകയല്ലാതെ തരമില്ല.

പിന്നെ ഒരു കാര്യം പറഞ്ഞതു് ഈ ബില്ലിൽ മദ്ധ്യസ്ഥബോർഡുകൾക്കു് വേണ്ടത്ര അധികാരം കൊടുത്തിട്ടില്ല എന്നാണു്. അങ്ങിനെ കൂടുതൽ അധികാരം കൊടുക്കണമെന്നുണ്ടെങ്കിൽ ബിൽ സിലക്ടു കമ്മിറ്റിയിൽ വരുമ്പോൾ കൊടുത്താൽപോരേ?

മിവാൻപേഷ്കാരവർകൾ പറഞ്ഞതിൽ ഒന്നുരണ്ടു സംഗതികൾ എനിയ്ക്കു മനസ്സിലായിട്ടില്ല. ഇതു് ഒരു ഇൻസോൾവെൻ്റ്

LIBRARY ARCHIVES Kerala Legislative Assembly

സി പെറിഷന്റെ കായ്യംപോലെ ആണെന്നാണ് അദ്ദേഹം പറഞ്ഞത്. അതല്ല ഇതിന്റെ ഉദ്ദേശം കടം മുഴുവൻ തിരിച്ചു കൊടുക്കണ്ട എന്നുള്ള ഉദ്ദേശമല്ല. അയ്യായിരമോ ആറായിരമോ കടമുള്ളപക്ഷം അതു് രണ്ടായിരമോ മൂവായിരമോ ആക്കി ശക്തിക്കനുസരിച്ചുപോലെ കൊടുക്കണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം.

ഈ രാജ്യത്തെ ഉത്പന്നങ്ങളുടെ വിലയനുസരിച്ചും, കടം കൊടുക്കുന്ന ആളുകളുടേയും വാങ്ങുന്ന ആളുകളുടേയും ധനസ്ഥിതിയനുസരിച്ചും കടങ്ങൾ വെട്ടിച്ചുരുക്കുന്നതും ഒന്നും കൊടുക്കാതെ പാപ്പർക്കപേക്ഷിക്കുന്നതും ഒരുപോലെയാകുന്നതെങ്ങിനെ? പിന്നെ ഇതുപോലുള്ള സംരക്ഷണകൾ U. P. യിലും C. P. യിലും നടപ്പിലുള്ളതാണെന്നു് അവതാരകൻ പറയുകയുണ്ടായല്ലൊ. അവിടെയുള്ളവർ വിഡ്ഢിന്മാരാണെന്നാണോ ദിവാൻപേഷ്കാർ അവർകൾ പറയുന്നതു്?

അതുകൊണ്ടു് ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളെ ബാധിയ്ക്കുന്നതായ ഈ സംഗതിയിൽ എല്ലാ അനുദ്യോഗസ്ഥമെമ്പർമാരും ഒരുമിച്ചു യോജിച്ചുപോട്ടുകുടി വോട്ടുചെയ്തു് ഇതിനെപാസ്സാക്കണമെന്നുള്ള അഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ടു് ഞാൻ വിരമിയ്ക്കുന്നു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഞാനും ഈ ബിൽ സിലക്ററു കമ്മിറ്റിക്കു റഫർ ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായത്തോടു യോജിയ്ക്കുന്നു. ഈ ബില്ലിലെ എല്ലാ വകുപ്പുകളും ശരിയാണെന്നു് എനിയ്ക്കു ബോദ്ധ്യമില്ല. ഇതിൽ ഭാഗം കടക്കാർ യോജിച്ചാൽ ബാക്കിയുള്ളവർ തീച്ചയായും ആ പക്ഷത്തോടു അനുകൂലിയ്ക്കണമെന്നാണു പറയുന്നതു്. എന്നാൽ ആ ഭാഗം കടക്കാർ ശരിയായിട്ടുള്ള കടക്കാരാണോ എന്നറിയുവാൻ വളരെ ബുദ്ധിമുട്ടാണു്. എന്നുമാത്രമല്ല ഈ മാതിരി നിയമങ്ങളെല്ലാം ഇൻസാൾവെൻസി നിയമത്തിലും ഉണ്ടു്. എറണാകുളം മെമ്പർ പറഞ്ഞമാതിരിയാണെങ്കിൽ കോടതിയിൽപോയി വ്യവഹാരപ്പെടേണ്ടതായിട്ടാണിരിയ്ക്കുന്നതു്. കോർട്ടിൽപോകാതെ കഴിയ്ക്കുവാനാണു് ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യമുള്ളതു്. അതുകൊണ്ടു് ഇതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ അതെല്ലാം വരുത്തി ഇക്കാലസ്ഥിതിയ്ക്കനുസരിച്ചുള്ള ചില മാറ്റങ്ങൾ കണ്ടുപിടിയ്ക്കണമെന്നുള്ളതു നിർബ്ബന്ധമാണു്. അതിനാൽ ഈ കൌൺസിലിൽനിന്നും യോഗ്യന്മാരായ ആളുകളെ തിരഞ്ഞെടുത്തു് അന്വേഷണങ്ങൾ നടത്തി—ഇവിടെ ന്യായമായ ഒരു സംഗതിയിൽ യോജിയ്ക്കാത്ത ആളുകളുണ്ടോ എന്നു സംശയമാണു്—ഇതു് ക്ഷാമനിവാരണത്തിനു പറ്റുമായ്മയില്ലെന്നുണ്ടെങ്കിൽ അതിനു യോജിച്ചവിധത്തിൽ ഒരു ബില്ലു കൊണ്ടുവരുവാനും കമ്മിറ്റിയിയ്ക്കു സാധിയ്ക്കുന്നതാണു്. ഞാൻ ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ന്യായഭാഗത്തോടുമാത്രമല്ലാതെ മുഴുവനും യോജിയ്ക്കുന്നില്ല. ഏതായാലും സിലക്ഷൻ കമ്മിറ്റിയുടെ സ്റ്റേജുകഴിഞ്ഞു് വന്നിട്ടു് പിന്നീടു് അതിനെപ്പറ്റി ആലോചിച്ചാൽ മതിയാകും. അതുകൊണ്ടു് സിലക്ഷൻ കമ്മിറ്റിയ്ക്കു റഫർ ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ യോജിയ്ക്കുന്നു.

**Mr. George Chakyamuri.**—Sir, I also support this bill. I am in perfect agreement with the Hon'ble Member for Ernakulam as well as with the Leader of the House in regard to the legal objections that have been raised by them. It is brustlings in defects and I think it could not be worked in this country successfully. In fact every word of the leader of the House is correct that it is practically another method of insolvency proceedings. I also agree in thinking that this legislation cannot be made a permanent one, but it is intended only to tide over the present difficulties. Ordinary commonsense and the first principles of law states that if a man borrows one rupee he must return the one rupee with interest. It cannot be incorporated permanently in the Statute Book because if it is done a debtor for all time can borrow one rupee and pay 12 annas or 10 annas by conciliation boards. It is a thing which I cannot understand. I do not think any civilised country will accept that kind of legislation to be permanently on the Statute book so that this is to be viewed as a temporary measure. I may also add that I do not agree with many of the provisions contained in this bill. But what I respectfully submit is that the bill must be given an opportunity of being discussed in the Select Committee. It is an honest attempt made by the Non-officials. In the Central Provinces, as was observed here, the Government itself brought a bill like this and I am told that this bill is working successfully in a province. When such a bill is being successfully worked in a province and that introduced by Government and when we, the representatives of the people bring such a bill here, I cannot understand why the Government will not give us a chance to discuss the bill. Whatever may be the reasonableness or otherwise of certain of the provisions, as was said here the underlying idea of getting over this critical situation by conciliation and by helping the debtors is to be welcomed and encouraged by the Government. Government will not be justified in opposing this measure at this stage. We will support them wholeheartedly when the bill is being passed into law. In fact as far as I can see this is only another via media before we go to the insolvency courts. I hope that all of us here would lend our support to the Government before it is placed in the Statute book. The fact of having passed this bill in another province in British India, has something to recommend this piece of legislation being discussed by

LIBRARY ARCHIVES Kerala Legislative Assembly

a committee. And I submit Government will not be justified in opposing this bill at this stage.

**Mr. Thomas Manjuran.**—Sir, the Government are as anxious to find a solution for this trouble as the Hon'ble Members themselves. But the Hon'ble Members in considering a measure like this have to keep in mind certain facts. The mere fact that such a law is in force in the Central Provinces and not in force in any of the nearer provinces or in the entire Madras Presidency, ought at once to put us on the enquiry as to the reason why no other Council has passed any similar legislation. But now when we speak about agricultural indebtedness in Cochin and when we speak about agricultural indebtedness in Central Provinces we have to make an important distinction. In the Central Provinces it is well-known that the indebtedness is between the Agriculturists on the one hand and the sowcars on the other. The notorious Sowcar is said to be charging inserest ranging from 75 to 200 and 250 per cent in the Central Provinces. That is not the case in Cochin, Hon'ble Members should not forget that. To whom is all this money due in Cochin? Is the money due by the Agriculturists due to the Hundi man? Will my Hon'ble friend who preceded me search his own experience and tell me whether all the money that is due by the agriculturists in his own village is due to hundi man at Ernakulam or Cochin, or to Agriculturists themselves. Suppose an agriculturist has some surplus money. He generally invests it in his neighbour's land. Is there any resemblance at all between that state of affairs and what is going on in the Central Provinces. The north Indian provinces are reeling under thet yranny of the sowcars. Is not this defference a highly relevant matter? What is it that they intend to perform by this bill? The miracle that is intended to be performed is a rule by the minority. I have heard of rules by majorities. Nowadays even such a rule is being rebelled against. What about a rule by the minority and a mendacious minority at that? According to the bill 25 per cent of the creditors, joined together, may lay down a standard by which the debts are to be proportionately reduced and may this inflict injury on the rest of the creditors. How can Hon'ble Members reasonably expect the Government to accept the principle of such a meaningless bill. The whole fundamental fabric of the bill is built upon a meaningless and unworkable basis. Hon'ble Members, because we oppose this bill don't be under the impression that we are not anxious to solve this problem. We are doing our level best. What is the use of baffling our attempts by bringing here measures that an unworkable unfeasible and absolutely unsuited to the conditions prevailing in Cochin. I know from experience that 95 per cent of the indebtedness of the people of the rural villages is *inter se* between the agriculturists themselves. Every Hon'ble Member knows that.

LIBRARY ARCHIVES Kerala Legislative Assembly

Do you want to penalise and destroy the honest husbandmen who have earned their money by life-long toil. Do you want to penalise them bysending them to the insolvency courts? It may be argued 'whynot send the measure to the select committee'. There are several reasons why it should not be sent. For one thing you have to examine the fundamentals of the bill itself before it is sent to acommittee. Is there anything acceptable in it. How can you possibly modify this bill so as to make it acceptable?

**Mr. George Chakyamuri.**—On a point of information, are the Governmentopposed to the basic idea of the bill?

**Mr. Thomas Manjuran.**—The Government is opposed to the idea of wiping out debts in the manner that is now proposed. What is that solution? It is simply tyranny. If the 25 per cent of the creditors, who may even be bogus creditors, combine together, the remaining 75 per cent of the creditors, may be defeated anddespoiled. Is it a solution or is it tyranny?

**Mr. K. Ayyappan.**—Are the Government againstany conciliation boards being appointed?

**Mr. Thomas Manjuran.**—They are opposed to the idea of cleaning out debts in this manner. I can understand a set of Sowcars who have been casting the vitals of the country being sent out of the country, bag and baggage. But here we are not confronted withsuch a situation at all. Your bill has the sendeng of driving one class of people out of existence. Is this not tyrannny? I do not think any south Indian Government has done it, and I submit the Cochin Government will not be justified in supporting such a measure. Hon'ble Members must remember that Cochin is not Central Provinces.

I think several Members seem to forget that Cochin and Central provinces orUnited provinces cannot be compared together. We are not afflicted by the periodical famines, draughts, and whole sale failure of crops that devastate the Central Provinces. But for thisunfortunate world wide economic disturbances we should not be affected at all. In Deccan and in several Indian states agricultural indebtedness is chronic. What happened in Punjab? There, plots of land were given to the soldiers who rendered service in the war. Those plots passed to the hands of sowcars and when the soldiers returned they could not get back their land. Therefore the Punjab Government passed a bill prohibiting the alienation of lands granted to the soldiers. In Cochinalso we have a similar instance. We grant lands to the depressed classes on condition that such lands should not be alienated. How can Hon'ble Members compare the conditions of Cochin with those that exist in those very distant and very different lands. If you examine the conditions in Cochin, you are bound to come to the conclusion that there is

LIBRARY ARCHIVES Kerala Legislative Assembly

no justification for penalising one set of agriculturists. I can quite appreciate the anxiety of Hon'ble Members to find out solutions. But this one, I respectfully submit, is not a solution at all. What is the use of submitting a bill like this to a Select Committee. We have got on the anvil the Usurious Loans Bill.

**Mr. George Chakyamuri.**—Why not commit this bill also to that Committee ?

**Mr. Thomas Manjuran.**—This bill can never be shaped into one that could be accepted. It is not correct to say that the select Committee of this House has many limitations. They can change a bill any way they like, consistent with the general principles of the Bill. We know the case of the Nambudiri bill in which, when it was referred to a select Committee, there was no provision for individual partition. Such a provision was included in this bill by the Select Committee, the whole bill so amended was passed the other day. The Committee on the Usurious Loans Bill may suggest any reasonable amendments and the Government will only be too glad to consider any reasonable proposals so suggested. Therefore, Sir, Government, I am sorry to say, find themselves unable to support a measure like this as it is fundamentally and intrinsically wrong.

മിസ്റ്റർ കെ. അയ്യപ്പൻ.—എനിക്കു് നിയമസംബന്ധമായ വലിയ പരിജ്ഞാനമൊന്നുമില്ലാത്തതുകൊണ്ടു് ശവമ്മെണ്ടു സൈഡിൽനിന്നും അനുഭാഗസ്ഥ പക്ഷത്തുനിന്നും നിയമ വിദഗ്ധന്മാർ പറയുന്നതു കേട്ടിട്ടു് എന്റെ അഭിപ്രായം രൂപീകരിക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഈ ബില്ലിനെ സംബന്ധിച്ചു ശവമ്മെണ്ടു സൈഡിൽനിന്നു് രണ്ടു വലിയ നിയമ വിദഗ്ധന്മാരും ഈ ഭാഗത്തു നിന്നു് ഒരു നിയമ വിദഗ്ധനും ബില്ലിനെ എതിർത്തു. അവരെല്ലാം ബില്ലിന്റെ ഡീറെയിൽസിനെ സംബന്ധിക്കുന്ന ന്യൂനതകളാണു് എടുത്തുകാണിച്ചതു്. ബില്ലിന്റെ മൂലതത്വത്തിനു് എതിരായി അവർ ഒന്നും പറഞ്ഞുകേട്ടില്ല. മൂലതത്വം ശരിയാണെങ്കിൽ ഡീറെയിൽസിനുവേണ്ട ഭേദഗതി പിന്നീടു വരുത്താവുന്നതാണു്. ഇപ്പോൾ ബില്ലിന്റെ മൂലതത്വത്തെപ്പറ്റി ആലോചിക്കാനുള്ള അവസരമാണു്. ഇതു കേമന്മാരായ വക്കീലന്മാർക്കുകൂടി ബില്ലിന്റെ മൂലതത്വത്തിനു് എതിരായി ഒന്നും പറയാൻ സാധിക്കാത്തതിൽനിന്നു് ബില്ലു് നല്ലതെന്നാണു് വിചാരിക്കേണ്ടതു്.

ഈ മാതിരി ബില്ലു് നടപ്പാക്കീട്ടുള്ള യുണൈറ്റഡു് സംസ്ഥാനത്തും കൊച്ചിയിലും ഉള്ള സ്ഥിതി വ്യത്യാസപ്പെട്ടതാണെന്നു് ലാമെമ്പർ പറയുകയുണ്ടായി. അവിടെ സെഷക്കാരന്മാരാണു് കടം കൊടുക്കുന്നതു്. ഇവിടെ കടം കൊടുത്തിട്ടുള്ളതും കൃഷ്ക

LIBRARY ARCHIVES Kerala Legislative Assembly

ന്മാർതന്നെയാണു്. അതാണു് അദ്ദേഹം ചൂണ്ടികാണിച്ച വ്യ
ത്യാസം. അവിടെ സൌക്കാരന്മാർ കഷ്ടകരെ വിഴുങ്ങുന്നു എ
ങ്കിൽ ഇവിടെ കടംകൊടുത്ത വലിയ പറമ്പുടമസ്ഥന്മാർ തന്നെ
ചെറിയ പറമ്പുടമസ്ഥന്മാരെ വിഴുങ്ങുന്നു. രണ്ടിന്റെ ഫലവും ഒ
ന്നുതന്നെ.

ഈ മാതിരി നിയമനിർമ്മാണത്തിനു് ഗവമ്മെണ്ടു നിർബ
ന്ധിതരാകത്തക്കവണ്ണം അനുദ്യോഗപക്ഷം ഗവമ്മെണ്ടിനെ ശ്വാ
സം മുട്ടിക്കണം. അങ്ങിനെ നിയമാനുസരണമായി ശ്വാസംമുട്ടി
ക്കപ്പെട്ടാൽ നല്ല ഗവമ്മെണ്ടുകളെല്ലാം ഇഷ്ടപ്പെടുന്നതാണു്. കൊ
ച്ചി ഗവമ്മെണ്ടും അങ്ങിനെയുള്ള ഗവമ്മെണ്ടാണെന്നാണു് നാം
വിചാരിക്കേണ്ടതു്. അനുദ്യോഗസ്ഥാംഗങ്ങളെല്ലാം ബില്ലിനെ
താങ്ങണമെന്നു ഞാൻ അപേക്ഷിയ്ക്കുന്നു.

മിസ്റ്റർ കെ. ടി മാത്യു.—ഈ നിയമസഭയിൽ ഞാൻ ഈ
ബിൽ അവതരിപ്പിക്കുന്നതിനുമുമ്പു് ഗവമ്മെൻറുതന്നെ കാലത്തി
നൊത്ത ഒരു ബിൽ അവതരിപ്പിക്കുമെന്നുള്ള വിശ്വാസം എനി
ക്കുണ്ടായിരുന്നു. എന്നാൽ അതു തെറ്റിപ്പോയി. ഇവിടെയുള്ള
ഉദ്യോഗസ്ഥമെമ്പറന്മാർ ഏതെങ്കിലും കൺസ്ട്രക്ററീവ് ആയി
ട്ടുള്ള ഒരു സ്കീം കൊണ്ടുവന്നിരുന്നുവെങ്കിൽ ഈ ബിൽ തള്ളിക്കള
ഞ്ഞാലും വിരോധമില്ലായിരുന്നു. അതു ഇതുവരെ ചെയ്തിട്ടില്ല.
ഈ ബിൽ ഞാൻ കൊണ്ടുവരാൻ കാരണക്കാർ ഗവമ്മെണ്ടുദ്യോ
ഗസ്ഥന്മാരാണു്. അവർ രമ്പളം വാങ്ങിച്ചിട്ടു് ജനങ്ങളെ രക്ഷി
ക്കുവാനിരിക്കുന്നവരാണു്. അവർ തങ്ങളെ സംബന്ധിച്ച കാര്യ
ങ്ങളിൽ വളരെ ഉത്സാഹികളായിരിക്കുമെന്നല്ലാതെ, പൊതുജന
ങ്ങളെ സംബന്ധിച്ചകാര്യത്തിൽ അവക്കു വേണ്ട ഉത്സാഹം കാ
ണുന്നില്ല. തങ്ങൾ വേണ്ടത" ചെയ്യുന്നില്ലെന്നുമാത്രമല്ല അനുദ്യോ
ഗസ്ഥ മെമ്പറന്മാർ ജനങ്ങൾക്കുപകാരമുള്ള ഒരു ബില്ലു കൊണ്ടു വ
ന്നാൽ അതിനെ എതിർക്കണമെന്നും അവർ പഠിപ്പിച്ചിട്ടുണ്ടു്.
പൊതുജനരക്ഷക്കുള്ള ബില്ലുകളെ എതിർക്കുവാനല്ല രമ്പളവും തന്നു
നിങ്ങളെ വെച്ചിരിക്കുന്നതു്. മാസന്തോറും ൫൦൦-൦ രൂപാ
൧൦൦-൦ രൂപാ രമ്പളം വാങ്ങുന്നവരായതുകൊണ്ടു് പാവങ്ങളായ
ജനങ്ങളുടെ അരിഷ്ടതകൾ എന്തെല്ലാമാണെന്നു മനസ്സിലാക്കു
വാൻ നിങ്ങൾ ശ്രമിക്കുന്നില്ല, അതിനു നിങ്ങൾക്കു മനസ്സില്ല, സ
മയമില്ല, സൌകര്യമില്ല. ഭൂരിപക്ഷം പൊതുജനങ്ങൾക്കു ഉപകാ
രപ്രദമായ ബില്ലുകൾ തള്ളിക്കളഞ്ഞാൽ അതു ജനങ്ങളുടെ ക്ഷോ
ഭത്തെ വർദ്ധിപ്പിക്കുകയെന്നേ ചെയ്യും. കൊച്ചീരാജ്യക്കാരനെന്നുള്ള
നിലയ്ക്കും ഈ രാജ്യത്തിലെ ഒരു നിയമസഭാ മെമ്പർ എന്ന നില
യ്ക്കും എനിക്കുള്ള ചുമതലയെ നിറവേറ്റുന്നതിനായിട്ടാണു് ഞാൻ
ഈ ബിൽ ഇവിടെ ഹാജരാക്കിയിട്ടുള്ളതു്. ഗവർമ്മെൻറു് ഈ
വക കാര്യങ്ങളിൽ കാലത്തിനൊത്തവിധത്തിൽ പരിശ്രമങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളൊന്നും ചെയ്യുകയില്ലെന്നുള്ള ബോധം എനിക്കുണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ വളരെ ബുദ്ധിമുട്ടുകൾ സഹിച്ച് പല സ്ഥലങ്ങളിലേക്കു കത്തുകളയച്ച് അവിടങ്ങളിൽ ഗവർമ്മെണ്ടു തന്നെ ഉണ്ടാക്കിയ നിയമത്തിന്റെ രീതിയിലുള്ള ഒരു ബിൽ തയ്യാറാക്കി ഈ നിയമസഭയിൽ കൊണ്ടുവന്നതു്. ഈ ബിൽ ഈ നിയമസഭയിൽ കൊണ്ടുവരുന്നതിനുമുമ്പുതന്നെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നു ഞാൻ ഗവർമ്മെണ്ടിനോടു ആവശ്യപ്പെട്ടു. എന്നാൽ ആ അപേക്ഷയെ ഗവർമ്മെണ്ടു നിരസിച്ചു. എന്റെ അപേക്ഷയനുസരിച്ച് ബിൽ പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിൽ ഇവിടെ സത്യഗ്രഹം ഉണ്ടാകാതെ കഴിയുമെന്നായിരുന്നു എന്റെ വിശ്വാസം. ചെയ്തു വേണ്ടുവിധത്തിൽ ഗവർമ്മെണ്ടു ചെയ്യാതിരുന്നതിനാലായിരുന്നു സത്യഗ്രഹത്തിനു് ഇടവന്നതു്. ആയതിനാൽ കാരണഭൂതന്മാർ, പൊതുജനങ്ങൾ അഹോരാത്രി വേലചെയ്തു് കിട്ടുന്നതിൽനിന്നു കൊടുക്കുന്ന നികുതിയിൽനിന്നു ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരാണു്. അവരാണു് സത്യഗ്രഹത്തിനിടയുണ്ടാക്കിതീർത്തതു്. രാജ്യത്തിന്റെ പല ഭാഗങ്ങളിലും യോഗങ്ങൾ കൂടി പ്രമേയങ്ങൾ പാസ്സാക്കി ഗവർമ്മെണ്ടിനയച്ചു ജനബാധിതരായ സാധുകൃഷിക്കാരെ രക്ഷിപ്പാൻ ആശ്യപ്പെട്ടുന്നു. നിയമസഭയിലെ അനുദ്യോഗസ്ഥമെമ്പർമാർ പ്രമേയങ്ങൾ, ബില്ലുകൾ എന്നിവ മൂലം ഗവർമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ എപ്പോഴും സ്വന്തിന്മേൽ കടന്നുറങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കു് സാധുക്കളുടെ അരിഷ്ടത അറിയുവാൻ സാധിക്കുന്നില്ല. സാധുക്കളുടെ സങ്കടങ്ങൾ ഗ്രഹിക്കുവാനുള്ള മനസ്ഥിതി അവർക്കുണ്ടായിട്ടില്ല. തങ്ങളുടെ ശമ്പളം ക്രമമായി കിട്ടുന്ന കാലത്തോളം അവർ ജനങ്ങളുടെ അരിഷ്ടതയും കഷ്ടതയും അറിയുന്നതെന്തിനു്? അവയെപ്പറ്റി അന്വേഷിക്കുന്നതെന്തിനു്? ഇങ്ങനെ എത്രകാലം കഴിക്കാമെന്നാണു് അവർ വിചാരിക്കുന്നതു്? രാജ്യത്തു ക്ഷാമവും ദാരിദ്ര്യവും വർദ്ധിച്ചു വർദ്ധിച്ചുവന്നാൽ ധനവാന്റെ പണം എത്രനാൾ അവനു് അനുഭവിക്കുവാൻ കഴിയും? ഉദ്യോഗസ്ഥന്മാർക്കു തങ്ങളുടെ വമ്പിച്ച ശമ്പളം എത്രനാൾ കിട്ടും? എന്നുള്ള ആലോചന അവരുടെ തലയിൽ കയറിയിട്ടില്ലാ. ഡെബ്റ്റ് കൺസിലിയേഷൻ ബോർഡു മൂലം കൊച്ചിയിൽ കടത്തിൽ മുങ്ങിവരുന്ന സാധുക്കൾക്കും കൃഷിക്കാർക്കും സങ്കടനിവാരണമുണ്ടാക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി ചിന്തിക്കുവാൻ വേണ്ടിയാണു് ഞാൻ ഈ ബിൽ നിയമസഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിരിക്കുന്നതു്. ബില്ലിലെ തത്വത്തെയാണു്, അല്ലാതെ ഒരു ഭാഗത്തെക്കുറിച്ചു മാത്രം ചിന്തിക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല. ൫൪% ഭാഗം കടം കൊടുത്തിട്ടുള്ളവർ എന്നു് എറണാകുളം മെമ്പർ പറഞ്ഞതിലൊന്നും യാതൊ

LIBRARY ARCHIVES Kerala Legislative Assembly

രത്ഥവുമില്ല. 12% ആയാൽ വിരോധമുണ്ടെങ്കിൽ 8 0 അ
ല്ലെങ്കിൽ 9 0 ആക്കുന്നതിനു് എനിയ്ക്കു വിരോധമില്ല. അ
കാര്യമല്ല ബില്ലിലെ തത്വം. ബില്ലിന്റെ തത്വത്തെ പറ്റി ന്യാ
യമായ വിരോധം പുറപ്പെടുവിക്കാനില്ലാത്തതിനാലായിരിക്കും അ
തിലുള്ള ചില ചെറിയ കാര്യങ്ങളിൽ കയറിപിടിച്ചു സംസാരി
ക്കുന്നതു്. ആ വക കാര്യങ്ങളെപറ്റി ആലോചിക്കുന്നതിനുള്ള
സമയം ഇപ്പോഴല്ല; സിലക്ട് കമ്മിറ്റിയിൽവെച്ചാണു്. ഉത്ത
രം മുട്ടിയാൽ കൊത്തനാം കാട്ടുകയെന്നുള്ളതു് ശരിയാണോ?

ഇതാ ഒരു ബിൽ സമർപ്പിച്ചിരിക്കുന്നു. നിങ്ങൾ ഇതിലെ തത്വം സ്വീകരിച്ചു് എന്തെങ്കിലും പ്രയോജനകരമായിചെയ്തു് കൊച്ചിരാജ്യത്തിലെ പ്രജകളെ രക്ഷിയ്ക്കുവാൻ തയ്യാറാകും എന്നു വിചാരിച്ചാണു് ഞാൻ ഇവിടെ ഈ ബിൽ അവതരിപ്പിച്ചതു്. എന്നാൽ നിങ്ങളിൽ ചിലരുടെ പ്രവൃത്തികൊണ്ടു കാണുന്നതു് രാജ്യം എത്രതന്നെ കഷ്ടപ്പെട്ടാലും ജനങ്ങൾ എത്രതന്നെ സങ്കടപ്പെടാനിടവന്നാലും, ബിഹാറിലെപോലെയുള്ള സംഭവങ്ങൾ നടന്നാലും ഞങ്ങൾ നിങ്ങളുടെ കണ്ണുകൾ തുറക്കുകയില്ലെന്നാണു്. രാജ്യം നശിക്കട്ടെ. ഞങ്ങൾക്കു രൂപ്പയും കിട്ടിയാൽ മതിയെന്നാണു് ഉദ്യോഗസ്ഥന്മാരുടെമനസ്ഥിതി. അതുപോലെതന്നെ ചില അനുദ്യോഗസ്ഥന്മാരുടെ നില ഇതാണു്. ഞങ്ങൾക്കു ഞങ്ങളുടെ ധനവും ബാങ്കുകളുമുണ്ടു്. എന്തുതന്നെ വന്നാലും ഞങ്ങൾക്കു തരേണ്ട പലിശയിൽ ഒരുപൈ കുറയ്ക്കുവാൻ സമ്മതിക്കയില്ല എന്നുള്ളതാണു്. നാട്ടുകാക്കു രക്ഷചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു രൂപ്പയും എങ്ങിനെ കിട്ടും? ആരു തരും? അവർ നശിച്ചു് നികുതി തരുവാൻ കാശില്ലാതെയായാൽ നികുതി എവിടെനിന്നു കിട്ടും? നിങ്ങളുടെ ബാങ്കുകളുടെ ഉപയോഗമെന്തു്? പണം കെട്ടിസൂക്ഷിക്കയാണോ ബാങ്കിന്റെ കർത്തവ്യം? ഇവിടെ ഞാൻ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ അവിടവിടെ നിസ്സാരമായ ചില തെറ്റുകൾ ഉണ്ടായിരിക്കാം. ഇല്ലെന്നു ഞാൻ പറയുന്നില്ല. എങ്ങിനെയെങ്കിലും നാട്ടുകാക്കു രക്ഷചെയ്യുവാൻവേണ്ടിയാണു് ഞാൻ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്നു അനുദ്യോഗസ്ഥ സാമാജികന്മാരെ ധരിപ്പിച്ചുകൊള്ളുന്നു. ദരിദ്രതയും കഷ്ടപ്പാടും സഹിക്കുന്ന കൃഷിക്കാരെ രക്ഷിക്കണമെന്നുള്ള മനസ്ഥിതി നമുക്കു ഉണ്ടെങ്കിൽ നിസ്സാര തെറ്റുകളെല്ലാം നമുക്കു ആലോചിച്ചു തിരുത്തിച്ചെടുത്താം. അതിനാണെല്ലൊ ഒരു സെലക്ട് കമ്മിറ്റി വേണമെന്നു പറയുന്നതു്. പ്രതിപക്ഷം ജനങ്ങളെ പട്ടിണിയിൽനിന്നു രക്ഷിയ്ക്കാൻ ഉദ്ദേശിച്ചു കൊണ്ടുവന്ന പ്രമേയങ്ങളും ബില്ലുകളും മറ്റും ഗവ
മ്മെണ്ടു മെമ്പർമാർ കൂട്ടമായി എതിർത്തു് തള്ളിക്കളകയും തങ്ങൾ വേണ്ടതു വേണ്ടസമയത്തു് പ്രവൃത്തിക്കാതിരിക്കയുംചെയ്തു്, രാജ്യത്തു് അസമാധാനവും അസന്തുഷ്ടിയും ദാരിദ്ര്യവും കഷ്ടതയും അ

LIBRARY ARCHIVES Kerala Legislative Assembly

രിഷ്ടതയും വളത്തുകയാണെങ്കിൽ പോലീസ് കമ്മീഷണക്ക് ഒരിക്കലും സമാധാനത്തോടുകൂടി ഇരിക്കുവാൻ സാധിക്കയില്ല. കൊച്ചീ രാജ്യത്തിൽ മട്ടനനയം ഏർപ്പെടുത്തുവാൻ കാരണക്കാർ പരമാർത്ഥത്തിൽ ഇന്നത്തെ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരാണെന്നു പറയാതെ നിവൃത്തിയില്ല.

നമ്മളെല്ലാവരുമാണ് ഈ രാജ്യത്തെ നിവാസികൾ. ഇവിടെ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ നടക്കുന്നുണ്ടെങ്കിൽ അതിനുവേണ്ടി സഹായിക്കുന്നവർ നിങ്ങളാണ്. എന്റെ ജോലി മറ്റൊരു രാജ്യത്തിലാണ്. മറ്റൊരു രാജ്യത്തിലിരിക്കുന്നവെങ്കിലും ഇവിടെ അനിഷ്ടസംഭവങ്ങൾ നടക്കുന്നുവെന്നു കേൾക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. നമ്മുടെ സ്വരാജ്യമായ കൊച്ചീരാജ്യത്തു യാതൊരു അനിഷ്ടസംഭവത്തിനും ഇടവരരുതെന്നുള്ള പരമാർത്ഥ ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുവാൻ ഇടയായതു്. ഇനിയും ഈ രാജ്യത്തു അസമാധാനമുണ്ടാക്കണമെന്നുള്ള വിചാരം ഉണ്ടെങ്കിൽ അവരെല്ലാം ഈ ബില്ലിനെതിരായി വോട്ടുചെയ്യണമെന്നു മാത്രമേ എനിക്കു പറയാനുള്ളു. ബില്ലിന്റെ തത്വത്തെ എതിർത്തുകൊണ്ടു് ആക്ഷേപങ്ങളൊന്നും പറയുന്നതിനു സാധിച്ചിട്ടില്ലെന്നുള്ളതും പ്രത്യേകം സ്മരണീയമാണ്.

*Motion put and negatived.*

**Mr. K. T. Mathew.**—A poll, Sir.

*The House divided—Ayes 12, Noes 20 and Neutrals 2.*

**Ayes.**

1 Mr. K Ayyappan
2 ,, K M Ibrahim
3 ,, C N Ittiravi Nambudiri
4 ,, P S Kesavan Nambudiri
5 ,, P Krishna Menon
6 ,, T K Nayar
7 ,, P Kumaran Ezhuthassan
8 ,, K T Mathew
9 ,, Paul Mampilli
10 ,, T A Ramachandra Ayyar
11 Dr. K Sankara Menon
12 Mr. A Sankara Poduval

**Noes.**

1 Mr. K Achyuta Menon
2 ,, V K Aravindaksha Menon
3 ,, C Barton Wright
4 ,, M P Cherian
5 ,, Joseph Pettah
6 ,, S S Koder
7 ,, M Krishna Menon
8 ,, C J Mathew
9 ,, I N Menon
10 ,, T Narayana Menon
11 ,, P Nilakanta Menon
12 Dr. D Raghavendra Rao
13 Mr. M K Raman
14 ,, P Raman Menon
15 Rama Varmha Tampuran
16 Mr. P V Raphael
17 ,, A Sankara Menon
18 ,, P V Subramania Ayyar
19 ,, Thomas Manjuran
20 ,, P C Varkey

**Neutrals.**

1 Mrs. Swaris
2 Mr. K P Vallon

LIBRARY ARCHIVES Kerala Legislative Assembly